# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി. ആർ. **98/2026**

തിരുവനന്തപുരം, തീയതി: **15/05/2026**

## പത്രക്കുറിപ്പ്

### തെരഞ്ഞെടുപ്പ് വിജ്ഞാപനം പ്രസിദ്ധീകരിച്ചു

കേരളസർവകലാശാല ഗവേഷക വിദ്യാർത്ഥി യൂണിയൻ 2025-26 തെരഞ്ഞെടുപ്പിന്റെ വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വോട്ടർ പട്ടിക 16.05.2026 ന് സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത വോട്ടർ പട്ടികയിലെ തിരുത്തലുകൾ സംബന്ധിച്ച അപേക്ഷകൾ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച് 24 മണിക്കൂറിനകം ആവശ്യമായ രേഖകൾ സഹിതം സർവകലാശാല രജിസ്ട്രാർ/റിട്ടേർണിംഗ് ഓഫീസറിന് സമർപ്പിക്കേണ്ടതാണ്.

കേരളസർവകലാശാല യൂണിയൻ (2025-26) ഭാരവാഹികളുടേയും, സെനറ്റിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടേയും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വോട്ടെടുപ്പ്/വോട്ടെണ്ണൽ എന്നിവയുടെ പുതുക്കിയ തീയതി സംബന്ധിച്ച വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### ഹാൾടിക്കറ്റ്

കേരളസർവകലാശാല 2026 ജൂൺ 05 ന് ആരംഭിക്കുന്ന ഒന്നാം വർഷ ബിഎ/ബിഎ അഫ്സൽ-ഉൽ-ഉലാമ/ബികോം (പാർട്ട് III – ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ) (2025 അഡ്മിഷൻ) പരീക്ഷകൾക്ക് രജിസ്ട്രേഷൻ ചെയ്ത വിദ്യാർത്ഥികളും സാഹിത്യാചാര്യ/രാഷ്ട്രഭാഷപ്രവീൺ പരീക്ഷ പാസ്സായ ശേഷം ബിഎ ഹിന്ദി (പാർട്ട് I/പാർട്ട് II) പരീക്ഷകൾക്ക് രജിസ്ട്രേഷൻ ചെയ് ഒന്നാം വർഷ (2025 അഡ്മിഷൻ) വിദ്യാർത്ഥികളും പുതുക്കിയ ഹാൾടിക്കറ്റുകൾ സ്റ്റുഡന്റ് പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്ത് പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്. 2025 അഡ്മിഷൻ (ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ) വിദ്യാർത്ഥികൾ 2026 മെയ് 12 ന് മുൻപ് ഡൗൺലോഡ് ചെയ്ത ഹാൾടിക്കറ്റുകൾ അസാധുവാക്കിയതിനാൽ അവ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

കേരളസർവകലാശാല പഠന ഗവേഷണ വകുപ്പുകളിലേക്കുള്ള വിവിധ എംഎ, എംഎസ്സി, എംകോം, എംസിജെ, എംഎസ്ഡബ്ല്യു, എംലിബ്ഐഎസ്സി, എംഎഡ്, എൽഎൽഎം, എംടെക് പ്രോഗ്രാമുകളിലേക്ക് 2026-2027 അധ്യയന വർഷത്തെ പ്രവേശനത്തിനായി നടത്തപ്പെടുന്ന പ്രവേശന പരീക്ഷയുടെ ഹാൾടിക്കറ്റുകൾ അഡ്മിഷൻ പോർട്ടലുകളിൽ ലഭ്യമാണ്. അപേക്ഷകർക്ക് അപ്ലിക്കേഷൻ നമ്പറും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്. വിശദവിവരങ്ങൾക്ക്: 0471-2308328, 9188524612, ഇ-മെയിൽ : csspghelp2026@gmail.com.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |